## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ: 1609 — 06.03.2017-ൽ മറുപടിയ്ക്ക്

### കാഥികൻ കെ.കെ. തോമസ് മെമ്മോറിയൽ എൻഡോവ്മെന്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ് | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | കാഥികൻ കെ.കെ. തോമസ് മെമ്മോറിയൽ എൻഡോവ്മെന്റ് വിതരണം ചെയ്യുന്നതു സംബന്ധിച്ച് ഉഴവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച 839183/EM3/168/2016/LSGD ഫയലിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | "കാഥികൻ കെ.കെ. തോമസ് മെമ്മോറിയൽ എൻഡോവ്മെന്റ്" വിതരണം ചെയ്യുന്നതു സംബന്ധിച്ച് സർക്കാർ തലത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുന്നോടിയായി നിയമോപദേശം തേടുന്നതിനായി ഈ വിഷയം സംബന്ധിച്ച ഫയൽ 13.02.2017-ന് നിയമവകുപ്പിലേക്ക് അയച്ചിരിക്കുകയാണ്. |
| (ബി) | എൻഡോവ്മെന്റ് വിതരണം ചെയ്യുന്നതിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നടപടിക്രമങ്ങൾ വ്യക്തമാക്കാമോ; പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നും എത്ര പ്രാവശ്യം റിപ്പോർട്ട് ആവശ്യപ്പെട്ടു എന്ന് വ്യക്തമാക്കാമോ; ഈ റിപ്പോർട്ട് എത്ര പ്രാവശ്യം കിട്ടി എന്നും അറിയിക്കാമോ; | (ബി) | എൻഡോവ്മെന്റ് വിതരണം ചെയ്യുന്നതിനായി ഉഴവൂർ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച Draft Scheme for Administration of Endowment-ന്റെ അടിസ്ഥാനത്തിൽ വെസ്റ്റിംഗ് ഓർഡറിനായുള്ള വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികൾ ഈ വകുപ്പിൽ നിന്നും കൈക്കൊണ്ടുവരുന്നു.<br>ഉഴവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.08.2016 ലെ അപേക്ഷ ഈ വകുപ്പിൽ ലഭിച്ച 01.11.2016 തിയതി മുതൽ ഈ വകുപ്പിൽ നിന്നും ഒരു പ്രാവശ്യം മാത്രം ഈ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ടി റിപ്പോർട്ട് 24.11.2016 ൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ലോക്കൽ ഫണ്ട് ആഡിറ്റിൽ നിന്നുള്ള റിപ്പോർട്ട് ലഭിച്ചത് എന്നാണെന്ന് അറിയിക്കാമോ; എൻഡോവ്മെന്റ് വിതരണത്തിന് സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ; | (സി) | ഉഴവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.08.2016 ലെ അപേക്ഷ 01.11.2016 തിയതിയിൽ ഈ വകുപ്പിൽ ലഭിക്കുകയും ടി അപേക്ഷക്ക് പഞ്ചായത്ത് ഡയറക്ടറിൽ നിന്നും 24.11.2016 ൽ ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ടി റിപ്പോർട്ട് 27.12.2016-ന് ഈ വകുപ്പിൽ |

| | | | |
|---|---|---|---|
| | | | ലഭിക്കുകയും ചെയ്തു.<br>എൻഡോവ്മെന്റ് വിതരണം സംബന്ധിച്ച് ഈ വകുപ്പിൽ നിന്നും ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. |
| (ഡി) | എൻഡോവ്മെന്റ് വിതരണത്തിന് നോട്ടിഫിക്കേഷൻ ഇറക്കേണ്ടതായിട്ടുണ്ടോ; തുക എങ്ങനെ കൊടുക്കണം എന്ന് നിശ്ചയിച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | കാഥികൻ കെ.കെ.തോമസ് എൻഡോവ്മെന്റ് വിതരണം ചെയ്യാത്തതിന്റെ കാരണവും ഫയലിൽ വന്ന കാലതാമസവും വ്യക്തമാക്കാമോ; ഇത് വിതരണം ചെയ്യാൻ എന്നത്തേയ്ക്ക് ഉത്തരവ് നൽകാൻ കഴിയും എന്ന് അറിയിക്കാമോ? | (ഇ) | ഉഴവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.08.2016 ലെ അപേക്ഷ ഈ വകുപ്പിൽ 01.11.2016 തിയതിയിൽ ലഭിച്ചതിന് ശേഷം, ഈ വകുപ്പിൽ നിന്നും യാതൊരു കാലതാമസവും ഫയലിൽ ഉണ്ടായിട്ടില്ല. നിയമവകുപ്പിൽ നിന്നുള്ള ഉപദേശം ലഭിച്ചാലുടൻ ഇതിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ